"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തസ്വഭവ - കൊടുവള്ളി നിയോജക മണ്ഡലത്തിലെ ഗ്രാമയാത്ര പരിപാടിയ്ക്ക് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2272/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:- 1. ബഹു.കൊടുവള്ളി എം.എൽ.എ. യുടെ 15.08.2025 ജി-228/2025/കെ.ഡി.എൽ.വൈ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊടുവള്ളി നിയോജക മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലും കൊടുവള്ളി മുനിസിപ്പാലിറ്റിയിലുമായി 'ഗ്രാമയാത്ര' എന്നൊരു പരിപാടി സംഘടിപ്പിക്കുന്നെന്നും മണ്ഡലത്തിലെ സാധാരണക്കാരായ ജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ വിഷയങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതെന്നും പ്രസ്തുത പരിപാടിയുടെ നടത്തിപ്പിന് മണ്ഡലത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് കൊടുവള്ളി എംഎൽഎ സർക്കാരിനെ സമീപിച്ചിരുന്നു.

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു. കൊടുവള്ളി നിയോജക മണ്ഡലത്തിൽ ഗ്രാമയാത്ര എന്ന പേരിൽ സംഘടിപ്പിക്കുന്ന പരിപാടിയുടെ ചെലവിലേക്കായി മണ്ഡലത്തിലെ താമരശ്ശേരി, കിഴക്കോത്ത്, നരിക്കുനി, ഓമശ്ശേരി, മടവൂർ, കട്ടിപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി **₹**25,000/- (**ഇരുപത്തി അയ്യായിരം രൂപ**) വീതവും കൊടുവള്ളി നഗരസഭയ്ക്ക് പരമാവധി **₹**35,000/-(**മുപ്പത്തി അയ്യായിരം രൂപ മാത്രം**) തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 22-09-2025 10:16:24